# ആമുഖം

ഈ ഭരണസമിതി അധികാരത്തിലെത്തി നാലാമത്തെ ബജറ്റാണ് അവതരിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഒരു വർഷക്കാലത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ രത്ന ചുരുക്കമാണ് ബജറ്റ്. വാർഷിക പദ്ധതിയിലൂടെയാണ് അത് പ്രോജക്ടുകൾ ആയി ജനങ്ങളിലേക്ക് എത്തുന്നത്. ജനകീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കക്ഷി-രാഷ്ട്രീയ വ്യത്യാസം മറന്ന് ഓരോ ഭരണസമിതി അംഗവും പിന്തുണ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്വാതന്ത്ര്യസമര സേനാനികൾ ആയിരുന്ന ശ്രീ ഇ പി ഗോപാലനും ശ്രീ. പള്ളവും ശ്രീമതി. ആര്യ പള്ളവും ജീവിച്ച ചരിത്രമുറങ്ങുന്ന കൊപ്പം ഗ്രാമപഞ്ചായത്ത് ഇന്ന് വികസനത്തിന്റെ വഴിയിലാണ്. 1996-97 ൽ കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാട് ആവിഷ്കരിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻറെ വരവോടുകൂടി പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും ജനകീയ പങ്കാളിത്തം ഉണ്ടായത് വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. വികസനം ഗ്രാമങ്ങളിൽ നിന്നും തുടങ്ങണം എന്ന ഗാന്ധിജിയുടെ ആശയം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കപ്പെട്ടു. പിന്നീട് ഇക്കാലം വരെ ഉണ്ടായ ഭരണസമിതികളുടെ പ്രവർത്തനത്തിന്റെ ഫലമായി നിരവധി മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളായ കുടിവെള്ളം, റോഡ്, തെരുവ് വിളക്കുകൾ എന്നീ മേഖലകളിൽ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഇടപെടലുകൾ കൊണ്ട് സാധ്യമായിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ സമസ്ത മേഖലകളിലും ഫണ്ട് വകയിരുത്തുന്നതിന് ശ്രമിച്ചിട്ടുണ്ട് കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനും കുടിവെള്ളം ഉറപ്പാക്കുന്നതിനും സാമൂഹ്യസുരക്ഷാ ഉറപ്പാക്കുന്നതിനും ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, അതിദാരിദ്ര്യം അനുഭവിക്കുന്നവർ, വനിതകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർ, യുവജനങ്ങൾ എന്നിവരുടെ ക്ഷേമത്തിനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രകാരം പരമാവധി പേർക്ക് വീട് നൽകുന്നതിനുള്ള പ്രവർത്തനവും ഏറ്റെടുക്കും. റോഡ് നവീകരണത്തിന് പരമാവധി തുക വകയിരുത്തിയിട്ടുണ്ട്.

യഥാർത്ഥ പദ്ധതികൾ എങ്ങിനെ ആവിഷ്കരിക്കണം എന്നും സമൂഹത്തിനിണങ്ങും വിധം എങ്ങിനെ നടപ്പിലാക്കണം എന്നും നമ്മെ പഠിപ്പിച്ച പൂർവ്വ സൂരികൾ വെട്ടിയിട്ട വഴികൾ നമുക്കു മുൻപിലുണ്ട്. വികസനം മാത്രം ലക്ഷ്യം വെച്ച് നമുക്കാ വഴികളിലൂടെ ഒറ്റക്കെട്ടായി മുന്നേറാം എന്ന് അഭ്യർത്ഥിച്ച് ഈ ബജറ്റ് നിങ്ങളുടെ ഓരോരുത്തരുടെയും സജീവ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം..

**ബീന കെ**

**വൈസ് പ്രസിഡൻറ്**

കൊപ്പം

04.03.2024

# വിവിധ മേഖലകളിലേക്കുള്ള വകയിരുത്തലുകൾ

## ഉൽപാദന മേഖല

നഗരവൽക്കരണത്തിന്റെ വർത്തമാനകാലത്ത് ഉൽപാദന മേഖല വലിയ വെല്ലുവിളിയാണ് നേരിടുന്നത്. കൃഷിയിടങ്ങൾ തരിശിടുകയും വിളവിസ്തൃതി കുറഞ്ഞു വരികയും ചെയ്യുന്നത് നമ്മെ ആശങ്കപ്പെടുത്തുന്ന വസ്തുതയായി നിലനിൽക്കുന്നു. എന്തും എപ്പോഴും വാങ്ങാനാകുമെന്ന കമ്പോള സംസ്കാരത്തിന്റെ കാഴ്ചപ്പാട് പുതിയ തലമുറയെ കൃഷിയിൽ നിന്നും അകറ്റി നിർത്തുന്നു. മനുഷ്യന് ജീവൻ നിലനിർത്താൻ പ്രാഥമിക മേഖലയായ കാർഷിക മേഖലയെ വികസിപ്പിക്കാതെ മുന്നോട്ടു പോകുന്നത് അപകടമാണെന്ന് തിരിച്ചറിവുണ്ടാക്കി നിലവിലുള്ള കൃഷിയിടങ്ങളെങ്കിലും തരിശാടാതെയിരിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ട ബാധ്യത നാം ഏറ്റെടുത്തേ മതിയാകൂ. സമയബന്ധിതമായി കൃഷിയിറക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ സഹായ സഹകരണങ്ങൾ കർഷകന് നൽകുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

### കൃഷി

- കൊപ്പം ഗ്രാമപഞ്ചായത്തിലെ പ്രധാന കൃഷിയായ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് ഉഴവു കൂലിയും നെൽവിത്തും സമയബന്ധിതമായി നൽകും. പാടശേഖര സമിതികളുടെ സഹകരണത്തോടെ ഇതിനുള്ള പ്രവർത്തനം ഏറ്റെടുക്കും. ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന വിഹിതം ഉൾപ്പെടെ 52 ലക്ഷം രൂപ ഈ മേഖലയ്ക്കായി നീക്കിവെക്കുന്നു.
- തെങ്ങ് കൃഷിക്ക് ആവശ്യമായ വളം നൽകുന്നതിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.
- പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കും. ഡിപ്പാർട്ട്മെൻറ് സഹായവും ലഭ്യമാക്കും. കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ നൽകും.
- കാർഷിക മേഖലയ്ക്ക് ആവശ്യമായ ജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കും.
- ഓണക്കാലത്ത് നടത്തിവരാറുള്ള കുടുംബശ്രീയുടെ ഓണച്ചന്ത വിപുലീകരിച്ച് നടപ്പിലാക്കും.

- പുഷ്പ കൃഷി പ്രോത്സാഹിപ്പിക്കും. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഇത് നടപ്പിലാക്കും.
- കൃഷി വിളകൾക്ക് നാശ നഷ്ടം ഉണ്ടാക്കുന്ന കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിന് സമഗ്ര പദ്ധതി നടപ്പിലാക്കും.
- ആഫ്രിക്കൻ ഒച്ച് നിയന്ത്രിക്കാൻ കർമ്മ പദ്ധതി.

## മൃഗസംരക്ഷണം

- ക്ഷീരകർഷകർക്ക് പാൽ സബ്സിഡി നൽകും. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ഇതിനായി ലഭ്യമാക്കും. ഗ്രാമപഞ്ചായത്ത് ഇതിനായി 4 ലക്ഷം രൂപ വകയിരുത്തുന്നു.
- അടുക്കള മുറ്റത്ത് കോഴി വളർത്തൽ പദ്ധതി തുടരും. അപേക്ഷിക്കുന്ന മുഴുവൻ ആളുകൾക്കും ആനുകൂല്യം നൽകുന്നതിനുള്ള തുക പദ്ധതിയിൽ വകയിരുത്തുന്നു.
- പോത്തുകുട്ടി വളർത്തൽ പദ്ധതി നടപ്പിലാക്കും. ഇതിനായി 7 ലക്ഷം രൂപ വകയിരുത്തുന്നു.
- പാടുതാ കുളങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കും. ഇതിനായി സർക്കാർ സഹായം ലഭ്യമാക്കും.

# സേവന മേഖല

## ലൈഫ് ഭവനം

വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ വേണ്ടി ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകി കാത്തിരിക്കുന്ന നിരവധി പേർ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. നാമമാത്രമായ പേർക്ക് മാത്രമേ നിലവിൽ എഗ്രിമെൻറ് വയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് യാഥാർത്ഥ്യമായി നിലനിൽക്കുന്നു. വരുന്ന വർഷം കൊണ്ട് നിലവിൽ ലിസ്റ്റിലുള്ള മുഴുവൻ പേർക്കും വീട് നൽകുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് ഭരണസമിതി രൂപം നൽകിയിട്ടുണ്ട്. 350 പേർക്ക് വീട് നൽകുന്നതിനുള്ള പദ്ധതിക്കാണ് തുടക്കമിടുന്നത്. ഇതിനായി ലൈഫ് മിഷൻ അധികാരികൾക്ക് ബഹു പ്രസിഡൻറ് രേഖാമൂലം അപേക്ഷ നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ തുടക്കം എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഈ വർഷം 1 കോടി രൂപ വകയിരുത്തുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിഹിതം ലഭ്യമാക്കും.

സർക്കാർ വിഹിതമായി 3.5 കോടി രൂപയും വായ്പ വീതമായി 7 കോടി 70 ലക്ഷം രൂപയും ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും വീട് എന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം. അതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ച് ഉടൻ തന്നെ എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കുന്നതിന് ശ്രമിക്കും. ലൈഫ് മിഷൻ അധികാരികളിൽ നിന്നും അറിയിപ്പ് ലഭ്യമാകുന്ന മുറക്ക് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. ഭൂമിയില്ലാത്തവർക്കുള്ള ഭവന നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിന് ശ്രമിക്കും. നിലവിൽ പ്രഭാപുരത്ത് ലഭ്യമായ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കും.

## ഭവന പുനരുദ്ധാരണം

ഭവന പുനരുദ്ധാരണത്തിന് നിരവധി അപേക്ഷകർ ഉണ്ടെങ്കിലും എല്ലാവർക്കും നൽകാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം കഴിയാത്ത സ്ഥിതിയുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പരമാവധി ആളുകൾക്ക് ഈ ആനുകൂല്യം നൽകും. ഇതിനായി തനത് ഫണ്ട് കൂടി വകയിരുത്തും. ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് പ്രോജക്റ്റിൽ ഭേദഗതി സമയത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി പരമാവധി പേരിലേക്ക് ആനുകൂല്യം എത്തിക്കും. പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് എല്ലാ അപേക്ഷകർക്കും ഈ ആനുകൂല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കും. 40 ലക്ഷം രൂപ വകയിരുത്തുന്നു.

## വിദ്യാഭ്യാസം

പൊതു വിദ്യാഭ്യാസ യജ്ഞത്തിൻറെ ഭാഗമായി നിരവധിയായ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇതിനോടകം നടന്നു കഴിഞ്ഞു. ഭൗതിക സാഹചര്യത്തിന്റെ വർദ്ധനവ് ഉണ്ടാക്കുന്നതിനും അക്കാദമിക് രംഗത്ത് മുന്നേറാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. PTA യുടെയും SMC യുടെയും പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുകയും പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി(PEC) യുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്ത് ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കും. SSA ഫണ്ട് നൽകുന്നതിനായി 12 ലക്ഷം രൂപ വകയിരുത്തുന്നു. LP/UP വിഭാഗം കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും LSS-USS പരീക്ഷകൾക്ക് സഹായകരമാകുന്ന ക്ലാസുകൾ നൽകുന്നതിനും പിന്നോക്കക്കാരായ കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനുള്ള മോഡ്യൂളുകൾ തയ്യാറാക്കി

നൽകുന്നതിനു വേണ്ടി ഒരു പുതിയ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് രൂപം നൽകും. 2 ലക്ഷം രൂപ വകയിരുത്തുന്നു. വെൽഫെയർ സ്കൂളിന്റെ ചുറ്റമതിൽ ഇല്ലാത്ത ഭാഗത്തെ ചുറ്റമതിൽ നിർമ്മാണ പ്രവർത്തനം തുടങ്ങും. ഇതിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു. സാക്ഷരത തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപ വകയിരുത്തുന്നു. പഠിതാക്കൾക്ക് പുസ്തകവും ഫീസും സൌജന്യമായി നൽകാൻ ഉദ്ദേശിക്കുന്നു.

## ആരോഗ്യം

പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കും. ഹോം കെയറിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സബ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ആവശ്യമായ അറ്റകുറ്റ പണികൾ നടത്തും. സബ് സെൻററുകളിൽ ജീവനക്കാരുടെ സേവനം ഉറപ്പാക്കും. ആയുർവേദ ആശുപത്രിയിലേക്ക് 7 ലക്ഷം രൂപയും ഹോമിയോ ആശുപത്രിയിലേക്ക് 2 ലക്ഷം രൂപയും മരുന്ന് വാങ്ങുന്നതിനായി വകയിരുത്തുന്നു. രോഗനിയന്ത്രണത്തിനും പകർച്ചവ്യാധി പ്രതിരോധത്തിനും സർക്കാർ വിഹിതം ഉൾപ്പെടെ ഒരു വാർഡിന് 25000 രൂപ അനുവദിക്കും. ഡയാലിസിസ് രോഗികൾക്ക് പ്രതിമാസം 4000 രൂപ നൽകും. ഡയാലിസിസിന് ആവശ്യമായ കിറ്റ് അനുവദിക്കും. ഇതിനായി 4 ലക്ഷം രൂപ വകായിരുത്തുന്നു.

## മാലിന്യ സംസ്കരണം

100% വീടുകളിലും മാസത്തിൽ ഒരു തവണ ഹരിത കർമ്മ സേന എത്തി വാതിൽ പടിശേഖരണം നടത്തുന്ന വിധത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനം ചിട്ടപ്പെടുത്തും. പൊതു ഇടങ്ങളിൽ മാലിന്യ രഹിതമായി സംരക്ഷിക്കും. മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനായി CCTV ക്യാമറ സ്ഥാപിക്കും. നഗരപ്രദേശങ്ങളിൽ ബോട്ടിൽ ഡിസ്പെൻസറുകൾ സ്ഥാപിക്കും. മാലിന്യം കൂടി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ശുചീകരിച്ച് സൗന്ദര്യവൽക്കരണം നടത്തും. സ്നേഹാരാമം പദ്ധതി നടപ്പിലാക്കും. വീടുകളിൽ ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബയോ ബിന്നുകളും സോക്കേജ് പിറ്റും അനുവദിക്കും. ഡ്രെയിനേജുകളിലെ മാലിന്യം ഒഴിവാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.

ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകും. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ചുരുങ്ങിയത് 10000 രൂപ പ്രതിഫലം ഉറപ്പാക്കും. പാഴ് വസ്തു ശേഖരണത്തിന് മിനി എംസിഎഫുകൾ സ്ഥാപിക്കും. പുതിയ എം സി എഫിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കും. ജില്ലാ പഞ്ചായത്ത് സഹായത്തോടെ വാഹനം ലഭ്യമാക്കും. ഇതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു. എംസിഎഫ് ൽ ആവശ്യമായ സൌകര്യങ്ങൾ ഒരുക്കും. ഫയർ സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കും.

ഹരിതമിത്രം മൊബൈൽ ആപ്പിലൂടെ മാലിന്യശേഖരണം ഉറപ്പാക്കും. വലിച്ചെറിയൽ, കത്തിക്കൽ എന്നിങ്ങനെയുള്ള കുറ്റങ്ങൾ യഥാസമയം കണ്ടെത്തി സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ചുമത്തും. കുറ്റകൃത്യങ്ങൾ രേഖാ മൂലം പഞ്ചായത്തിനെ അറിയിക്കുന്നവർക്ക് 2500 രൂപ പാരിതോഷികം നൽകും.

## സദ്ഭരണം

ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി സേവനങ്ങൾ സമയപരിധിക്കകം നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കും. പരമാവധി കാര്യങ്ങൾ ഓൺലൈൻ സംവിധാനം വഴി നടപ്പിലാക്കും. പേപ്പർലെസ് പഞ്ചായത്ത് എന്ന സങ്കല്പം യാഥാർത്ഥ്യമാക്കുവാൻ ശ്രമിക്കും. കെ സ്മാർട്ട് പദ്ധതി ഏപ്രിൽ 1 മുതൽ നടപ്പിലാക്കും. ഓഫീസിൽ എല്ലാ ജീവനക്കാർക്കും ലാപ് ടോപ്പ് നൽകുന്നതിന് തുടക്കമിടും. റിക്കോർഡ് റൂം കൂടുതൽ സൗകര്യങ്ങൾ ഒരുക്കും. പൊതുജനങ്ങളുടെ പരാതി പരിഹാരത്തിനായി എല്ലാ മാസത്തിലെയും ആദ്യത്തെ ബുധനാഴ്ച പ്രത്യേക പരാതി പരിഹാര അദാലത്ത് സംവിധാനം സംഘടിപ്പിക്കും.

പൊതുജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കും. അപേക്ഷിച്ച അർഹരായവർക്ക് മുഴുവനും ഒരു മാസത്തിനുള്ളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകും. ഫ്രണ്ട് ഓഫീസിൽ എത്തുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തും. 100% നികുതി പിരിച്ചെടുത്ത് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കും.

## അംഗൻവാടികൾ

അംഗൻവാടികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15 ലക്ഷം രൂപ നീക്കിവെക്കുന്നു. ശിശു സൗഹൃദ അംഗൻവാടികൾ ഒരുക്കുന്നതിന് ശ്രദ്ധിക്കും. കഴിയാവുന്ന അംഗൻവാടികൾ സ്മാർട്ട് അങ്കണവാടികളാക്കും. എംഎൽഎ ഫണ്ട്, എംപി ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ലഭ്യമാക്കാൻ ശ്രമിക്കും. അംഗൻവാടികൾ വഴി കൗമാരക്കാരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാര വിതരണം നടത്തും. കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിന് മുന്തിയ പരിഗണന നൽകും. കുട്ടികളുടെ കലാമേള നടത്തും. അംഗൻവാടികളിലെ മാനേജ്മെൻറ് കമ്മിറ്റികൾ ശക്തിപ്പെടുത്തി ജനകീയമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ക്രമമായ ഇടവേളകളിൽ അംഗൻവാടികൾ സന്ദർശിക്കുന്നതിന് മെമ്പർമാരുടെ ടീം രൂപീകരിക്കും. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് ഇതിന്റെ ചുമതല നലകും.

## ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും ക്ഷേമം

ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ ക്ഷേമത്തിനായി ഗ്രാമപഞ്ചായത്ത് പ്രത്യേക പരിഗണന നൽകും. സഹായ ഉപകരണങ്ങൾ ആവശ്യം ഉള്ളവർക്ക് ക്യാമ്പ് നടത്തി ഉപകരണങ്ങൾ ഏതാണെന്ന് കണ്ടെത്തി വിതരണം ചെയ്യും. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. ഭിന്ന ശേഷിക്കാരുടെ കലാമേള സംഘടിപ്പിക്കും. നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടുന്ന ഇവർക്ക് ഇത് ആശ്വാസമാകും എന്ന് പ്രതീക്ഷിക്കുന്നു. ഭിന്ന ശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 11,60,000 രൂപ വകയിരുത്തുന്നു. ഇതിനായി ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളും ലഭ്യമാക്കും. വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനുള്ള പദ്ധതിയും ഏറ്റെടുക്കുന്നുണ്ട്. വയോജനങ്ങൾക്ക് വിശ്രമകേന്ദ്രം ഒരുക്കുന്നതിന് നടപടി സ്വീകരിക്കും. ഗ്രാമപഞ്ചായത്തിന് സൌജന്യമായി വിട്ടുകിട്ടിയ സ്ഥലത്ത് ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## അതിദാരിദ്ര്യം അനുഭവിക്കുന്നവരുടെ ക്ഷേമം

അതിദരിദ്രരുടെ പട്ടികയിലുൾപ്പെട്ടവർക്ക് മൈക്രോപ്ലാൻ ഉണ്ടാക്കിയത് പ്രകാരമുള്ള ആനുകൂല്യങ്ങൾ പൂർണമായും നൽകും. ഭിന്നശേഷി സർട്ടിഫിക്കറ്റും ആരോഗ്യ ഇൻഷുറൻസും ഉൾപ്പെടെയുള്ള അടിസ്ഥാന രേഖകൾ നൽകാൻ നടപടി സ്വീകരിക്കും. ഭക്ഷണത്തിന് ക്ഷാമം ഉള്ളവർക്ക് ഭക്ഷ്യ കിറ്റ് നൽകും. ആശ്രയ പദ്ധതി തുടർന്നും നടപ്പിലാക്കും.

## പ്രത്യേക ഘടക പദ്ധതി

എസ് സി വിഭാഗത്തിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകും. വീട് റിപ്പയർ ആവശ്യമുള്ള മുഴുവൻ പേർക്കും ആനുകൂല്യം അനുവദിക്കും. എസ് സി വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിന് 12 ലക്ഷം രൂപ വകയിരുത്തുന്നു. വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകും. എസ് സി വനിതകൾക്ക് ആട് വളർത്തൽ പോത്തുകുട്ടി വളർത്തൽ എന്നിവയ്ക്കും ഫണ്ട് വകയിരുത്തും. കോളനി നവീകരണത്തിന് ഫണ്ട് ലഭ്യമാക്കും. പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രവർത്തികളും നടപ്പിലാക്കും.

## വനിതകളുടെയും ശിശുക്കളുടെയും ക്ഷേമം

വനിതകളുടെ തൊഴിലിനും വരുമാന വർദ്ധനവിനും ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കും. തൊഴിൽ സംരംഭങ്ങൾക്ക് പരമാവധി സഹായം നൽകും. വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനായി ഹെൽത്ത് ക്ലബ് സംഘടിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കും. ജാഗ്രത സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി വനിതകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷ നടപ്പിലാക്കുന്നതിന് ഇടപെടും. ICDS സൂപ്പർവൈസറുടെ നേതൃത്വത്തിൽ ജെൻഡർ ഡെസ്ക് പ്രവർത്തനം ശക്തമാക്കും. കുടുംബശ്രീ ജില്ലാ മിഷന്റെ പ്രവർത്തനങ്ങളുമായി ഗ്രാമപഞ്ചായത്ത് പ്രവർത്തനം ഏകോപിപ്പിക്കും. ജനകീയ ഹോട്ടൽ സംരംഭത്തിന് മികച്ച പിന്തുണ നൽകി മെച്ചപ്പെടുത്തും. കൂടുതൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുന്നതിന് ശ്രമിക്കും. ഒരു വാർഡിൽ ചുരുങ്ങിയത് ഒരു സംരംഭം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## യുവജനക്ഷേമം

കേരളോത്സവം ജനകീയ ഉത്സവമായി നടത്തും പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലെയും യുവജന കൂട്ടായ്മകളെ ഉപയോഗിച്ച് അതത് സ്ഥലങ്ങളിൽ സംഘടിപ്പിക്കാൻ കഴിയുന്ന മത്സരങ്ങൾ നടത്തും 1,50,000 രൂപ വകയിരുത്തുന്നു. തികയാതെ വരുന്ന തുക സ്പോൺസർഷിപ്പ് വഴി കണ്ടെത്തും. ഗ്രാമപഞ്ചായത്തിന് അനുയോജ്യമായ സ്ഥലത്ത് ഒരു ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിക്കും. രജിസ്ട്രേഷൻ ഉള്ള ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകും. കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ **"നമ്മളല്ലാതെ പിന്നെയാര്"** എന്ന പേരിൽ പദ്ധതിക്ക് തുടക്കമിടും. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും. പഞ്ചായത്തിന് ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ഉടമസ്ഥതയിൽ ഏഴാം വാർഡിലുള്ള ഒരു ഏക്കർ സ്ഥലം ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

## ഊർജ്ജം

തെരുവിളക്കുകൾ എന്നും പ്രകാശിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് എഎംസി നൽകും. 5 ലക്ഷം വകയിരുത്തുന്നു. കഴിയാവുന്ന സ്ഥലങ്ങളിൽ പുതിയ തെരുവിളക്കുകൾ സ്ഥാപിക്കും. ഗതാഗത തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കും സൗരോർജ്ജം കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കും. മറ്റു ജനപ്രതിനിധികളുടെ ഫണ്ട് ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ ഉൾ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കും.

## ഗതാഗതം

മെയിന്റനൻസ് ഗ്രാൻറ് റോഡ്, ധനകാര്യ കമ്മീഷൻ ഗ്രാൻറ് എന്നിവ പ്രയോജനപ്പെടുത്തി പരമാവധി റോഡുകൾ ഗതാഗത യോഗ്യമാക്കും. തനത് ഫണ്ടും ഇതിനായി ഉപയോഗപ്പെടുത്തും. 3 കോടി രൂപ ഇതിനായി വകയിരുത്തുന്നു. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ഫണ്ടുകളും എംഎൽഎ - എംപി തുടങ്ങിയവരുടെ ഫണ്ടുകളും ലഭ്യമാക്കും. ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി ട്രഞ്ചിങ് നടത്തിയതിനാൽ ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ റിപ്പയറിങ്ങിനായി ജല ജീവൻ മിഷൻ ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കും.

ഗ്രാമീണ റോഡുകളുടെ ഡ്രെയിനേജുകൾ വൃത്തിയാക്കി ജലനിർഗമനം ഉറപ്പാക്കി റോഡുകളുടെ സംരക്ഷണം ഉറപ്പാക്കും.

**MGNREGS**

100 ദിവസം തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കും. മെറ്റീരിയൽ പ്രവർത്തി എല്ലാ വാർഡിലും നടപ്പാക്കും. കിണർ റീചാർജിങ് പ്രവർത്തികൾ ഏറ്റെടുക്കും. സോഷ്യൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കും. പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും പരാതികളും നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തും. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും കാർഷിക മേഖലയിലും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തും. 2024-25 വർഷത്തിൽ 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഹാപ്പിനസ് പാർക്ക്

എല്ലാ തദ്ദേശസ്ഥാപനങ്ങളും ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കണമെന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ശ്രമിക്കും.

ഹാപ്പിനസ് പാർക്കിൽ ഇരിപ്പിടങ്ങളും വിനോദോപാധികളും സെൽഫി കോർണറുകളും സേവ് ദി ഡേറ്റ് ചെറിയ ആഘോഷങ്ങൾ എന്നിവയ്ക്ക് വിനിയോഗിക്കാൻ കഴിയുന്ന ഭംഗിയുള്ള സ്ഥലങ്ങളും ഒരുക്കും. മാസത്തിലൊരു ദിവസം ഹാപ്പിനസ് ഡേ ആയി നടത്തും. പ്രാദേശിക കലാകാരന്മാർക്ക് അവസരങ്ങൾ നൽകും. ലഘു ഭക്ഷണശാല, വൈഫൈ, ശുദ്ധജലം എന്നിവയും ഒരുക്കും. ഇതിനായി സിഎസ്ആർ ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രമിക്കും.

വയോജന ക്ലബ്ബുകൾ

വയോജന സൗഹൃദ സ്ഥാപനമായി ഓരോ തദ്ദേശസ്ഥാപനവും മാറണമെന്ന സർക്കാർ ഉത്തരവ് 45/2020 പ്രകാരം ഗ്രാമപഞ്ചായത്തിൽ വയോജന ക്ലബ്ബുകൾ രൂപീകരിക്കും. ഇതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തും, കുടുംബശ്രീയുടെ സഹായത്തോടെ കെയർ ടേക്കറെ നിയമിക്കും. കെട്ടിട വാടക, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ

ഗ്രാമപഞ്ചായത്ത് വഹിക്കും. കെയർടേക്കറുടെ വേതനം കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കും. നിശ്ചിത ദിവസങ്ങളിൽ PHC മെഡിക്കൽ ഓഫീസറുടെ സേവനം ഇവിടങ്ങളിൽ ലഭ്യമാക്കും ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള മൂന്നു വയോജന കേന്ദ്രങ്ങൾ ആരംഭിക്കാൻ ലക്ഷ്യമെടുന്നു.

## ഡിജി കേരളം പദ്ധതി

പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഡിജിറ്റൽ സാക്ഷരത നൽകുന്നതിനായി സർക്കാർ നിർദ്ദേശം അനുസരിച്ച് ഡിജി കേരളം പദ്ധതി നടപ്പിലാക്കും. ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവരെ സർവേയിലൂടെ കണ്ടെത്തി പരിശീലനം നൽകും. കുടുംബശ്രീയുടെ സഹകരണം ഉറപ്പാക്കും. ആവശ്യമായ വളണ്ടിയർമാരെ കണ്ടെത്തി പദ്ധതി പൂർത്തീകരിക്കും.

## കുടിവെള്ളം

ജൽജീവൻ മിഷൻ പദ്ധതിയിലെ നിലവിലെ പോരായ്മകൾ പരിഹരിച്ച് എല്ലാ വീട്ടിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വേനൽക്കാലത്ത് കുടിവെള്ള ലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കും. ഗ്രാമപഞ്ചായത്തിലെ തനത് കുടിവെള്ള വിതരണ സംവിധാനമായിരുന്ന ജലശ്രീ പദ്ധതിയിൽ നില നിർത്തേണ്ട കുടിവെള്ള പദ്ധതികളെ നില നിർത്തുന്നതിനും പിരിഞ്ഞു കിട്ടാനുള്ള വാട്ടർ ചാർജ് പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കും. ആവശ്യമെങ്കിൽ ഇക്കാര്യത്തിനായി സർക്കാരിൻറെ അനുമതി വാങ്ങി വൺ ടൈം സെറ്റിൽമെൻറ് നടപ്പിലാക്കും.

## കൊപ്പം ടൗൺ നവീകരണം

കേരള സർക്കാർ വിഹിതമായി ലഭിച്ച 2 കോടി രൂപ കൊണ്ട് കൊപ്പം ടൗൺ നവീകരണത്തിന് 2021 ൽ നമ്മൾ തുടക്കം കുറിക്കുകയും ടൗണിലെ കയ്യേറ്റങ്ങൾ പൂർണമായി കണ്ടെത്തി നീക്കം ചെയ്യുകയും ഡ്രൈനേജ് സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്തു. നഗരത്തിന്റെ ശാപമായിരുന്ന വെള്ളക്കെട്ട് ഒഴിവാക്കുകയും ഗതാഗതക്കുരുക്ക് പരിഹരിക്കുകയും ചെയ്തു. ടൗണിലെത്തുന്നവർക്ക് വാഹനങ്ങളുടെ ശല്യമില്ലാതെ നടക്കുന്നതിന് നടപ്പാതയും നിർമിക്കാൻ കഴിഞ്ഞു.

ഇതിൻറെ തുടർച്ചയായി കൊപ്പം മൃഗാശുപത്രി മുതൽ ഹൈസ്കൂൾ വരെയും കൊപ്പം ഗവൺമെൻറ് ആശുപത്രി മുതൽ കല്ലേപ്പള്ളി തോട് വരെയുമുള്ള ഭാഗത്ത് നടപ്പാത നിർമിക്കണമെന്നും ടൗണിൽ ഡിവൈഡറുകൾ നിർമ്മിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും സൗന്ദര്യവൽക്കരണം നടത്തണമെന്നും ആഗ്രഹിക്കുന്നു. ടൗണിൽ സൌകര്യപ്രദമായ സ്ഥലത്ത് ഒരു ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ആഗ്രഹിക്കുന്നു. ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ ബഹു: പട്ടാമ്പി എം.എൽ.എ മുഖേന സർക്കാരിലേക്ക് അഭ്യർത്ഥിക്കും.

## ടേക്ക് എ ബ്രേക്ക്

ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത പദ്ധതിയായി കൊപ്പം ടൌണിൽ മുളയങ്കാവ് റോഡിൽ 29 ലക്ഷം രൂപ ചെലവിൽ ടേക്ക് ബ്രേക്ക് പദ്ധതി നടപ്പിലാക്കും. യാത്രക്കാർക്കും ടൗണിലെ കച്ചവടക്കാർക്കും ഇതിൻറെ പ്രയോജനം ലഭിക്കും. ബഹു:പട്ടാമ്പി എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 92 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച സ്മാർട്ട് വില്ലേജ് ഓഫീസിനോട് അനുബന്ധിച്ചുള്ള വിശ്രമ കേന്ദ്രവും ടോയ്‌ലറ്റും കഫെറ്റീരിയയും ഉടൻതന്നെ പൊതു ജനങ്ങൾക്കായി തുറന്നു കൊടുക്കും.

# കൊപ്പം ഗ്രാമപഞ്ചായത്ത്

## 2024-25

## ബജറ്റ് സംഗ്രഹം

| | |
|---|---|
| പ്രാരംഭ ബാക്കി | 17080792 |
| 2024-25 വർഷത്തെ വരവ് | 376060000 |
| ആകെ | 393140792 |
| 2024-25 വർഷത്തെ ചെലവ് | 386063000 |
| നീക്കി ബാക്കി | 7077792 |

# 2024-25 വർഷത്തെ വരവിനങ്ങൾ

| നികുതിവരുമാനം | | |
|---|---|---|
| * | വസ്തുനികുതി | 8500000 |
| * | തൊഴിൽ നികുതി | 2500000 |
| ആകെ നികുതി വരുമാനം | | 11000000 |

| നികുതിയേതര വരുമാനം | | |
|---|---|---|
| * | ഫീസ് ആൻറ് യൂസർ ചാർജ്ജ് | 8633000 |
| * | ഫോറം വിൽപ്പന | 270000 |
| * | പലിശ | 370000 |
| * | വാടക | 700000 |
| * | മറ്റു വരവുകൾ | 10000 |
| ആകെ നികുതിയേതര വരുമാനം | | 9983000 |

| സംസ്ഥാന ബജറ്റ് പ്രകാരമുള്ള വരവ് | | |
|---|---|---|
| * | ജനറൽ പർപ്പസ് ഗ്രാൻറ് | 20982000 |
| * | വികസന ഫണ്ട് - ജനറൽ | 17414000 |
| * | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 7335000 |
| * | വികസന ഫണ്ട് - എസ് സി പി | 7340000 |
| * | മെയിന്റനൻസ് ഗ്രാൻറ് -റോഡ് | 22605000 |
| * | മെയിന്റനൻസ് ഗ്രാൻറ് -നോൺറോഡ് | 4531000 |
| ആകെ ബജറ്റ് | | 80207000 |

| കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം | | |
|---|---|---|
| * | ഹെൽത്ത് ഗ്രാൻറ് | 4200000 |
| * | ഐ.സി.ഡി.എസ് | 2000000 |
| * | ദേശീയതൊഴിലുറപ്പ് പദ്ധതി | 40000000 |
| * | സ്വച്ച് ഭാരത് മിഷൻ | *2500000* |
| ആകെ | | 48700000 |

| സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം | | |
|---|---|---|
| * | ലൈഫ് സ്റ്റേറ്റ് വിഹിതം | 35000000 |
| * | പ്രീ മൺസൂൺ ക്യാമ്പയിൻ | 170000 |
| ആകെ | | 35170000 |

| മറ്റു വിഹിതങ്ങൾ | | |
|---|---|---|
| * | ജില്ലാ പഞ്ചായത്ത് വിഹിതം | 15000000 |
| * | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 7500000 |
| * | സംസ്ഥാനാവിഷ്കൃതപരിപാടികൾക്കുള്ള വിഹിതം | 90000000 |
| * | ഗുണഭോക്തൃ വിഹിതം | 1500000 |
| * | വായ്പ-മറ്റുള്ളവ | 77000000 |
| ആകെ | | 191000000 |

| | |
|---|---|
| **ആകെ വരവ്** | 376060000 |
| **മുൻബാക്കി+വരവ്** | 393140792 |

# 2024-25 ചെലവിനങ്ങൾ

| | | |
|---|---|---|
| അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ | | |
| * | ശമ്പളം | 9000000 |
| * | കൂലി | 350000 |
| * | ബോണസ് | 30000 |
| * | യാത്രാബത്ത | 300000 |
| * | ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 1900000 |
| * | ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ മുതലായവ | 175000 |
| * | ജനപ്രതിനിധികൾക്കുള്ള യാത്രാബത്ത | 200000 |
| * | പെൻഷൻ വിഹിതം അടവാക്കൽ | 1000000 |
| * | അവധി ശമ്പളം | 150000 |
| * | സേവന വിരാമ ആനുകൂല്യങ്ങൾ | 1000000 |
| * | ജീവനക്കാര്യത്തിലുള്ള മറ്റ് ചെലവുകൾ | 200000 |
| *ജീവനക്കാര്യത്തിലുള്ള ആകെ ചെലവുകൾ* | | *14305000* |

| *ഭരണ ചെലവുകൾ* | | |
|---|---|---|
| * | ഓഫീസ ചെലവ് | 200000 |
| * | വാർത്താവിനിമയ  ചെലവുകൾ | 300000 |
| * | പുസ്തകങ്ങളും ആനുകാലികങ്ങളും | 50000 |
| * | സ്റ്റേഷനറി ,അച്ചടി ചെലവുകൾ | 500000 |
| * | ഇൻഷുറൻസ് | 15000 |
| * | നീതിന്യായ ചെലവുകൾ | 150000 |
| * | മറ്റ് പ്രഫഷണൽ ചെലവുകൾ | 50000 |
| * | മെമ്പർഷിപ്പ് വരിസംഖ്യ | 100000 |
| * | തെരഞ്ഞെടുപ്പ് ചെലവ് | 200000 |
| * | അസാധാരണ ചെലവ് | 200000 |
| * | പരസ്യവും പ്രചരണവും | 100000 |
| * | മറ്റ് ഭരണ ചെലവുകൾ | 200000 |
| * | വാടക | 105000 |
| *ആകെ ഭരണ ചെലവുകൾ* | | *2170000* |

| സംരക്ഷണവും  നടത്തിപ്പും | | |
|---|---|---|
| * | ഡീസൽ ചാർജ്ജ് | 200000 |
| * | വൈദ്യുതി ചാർജ്ജ് | 4000000 |
| * | വാഹന വാടക | 150000 |
| * | സംരക്ഷണം, അറ്റകുറ്റപ്പണികൾ-ജംഗമ വസ്തുക്കൾ | 200000 |
| * | മറ്റ് സംരക്ഷണ-നടത്തിപ്പ് ചെലവുകൾ | 300000 |
| *ആകെ സംരക്ഷണ,നടത്തിപ്പ് ചെലവുകൾ* | | *4850000* |

# പദ്ധതി ചെലവുകൾ

| ഉൽപ്പാദനമേഖല | | |
|---|---|---|
| * | നെൽകൃഷി | 5200000 |
| * | കാർഷിക വിള സംഭരണ കേന്ദ്രം | 500000 |
| * | ക്ഷീരവികസനം – പാൽ സബ്സിഡി | 600000 |
| * | തെങ്ങ്കൃഷി | 665000 |
| * | പച്ചക്കറി കൃഷി | 100000 |
| * | പുഷ്പ കൃഷി | 100000 |
| * | കാർഷിക വിപണനം | 100000 |
| * | മറ്റ് കാർഷിക പദ്ധതികൾ | 100000 |
| * | കോഴി വളർത്തൽ | 500000 |
| * | മൃഗാശുപത്രിയിലേക്ക് മരുന്ന് | 200000 |
| * | മൃഗാശുപത്രിയിലേക്ക് കൺസ്യൂമബിൾസ് | 50000 |
| * | വന്യമൃഗ ശല്യം തടയാനുള്ള പ്രത്യേക പദ്ധതി | 200000 |
| * | പോത്തുകുട്ടി വളർത്തൽ | 680000 |
| * | വ്യവസായം–ചെറുകിടസംരഭങ്ങൾ (വനിത) | 1500000 |
| * | ആട് വളർത്തൽ | 1000000 |
| * | കിഴങ്ങ് കൃഷി | 100000 |
| * | ഡെയ്ഞ്ച വിത്ത് വിതരണം | 125000 |
| *ആകെ ഉൽപ്പാദന മേഖല* | | *11720000* |

| സേവനമേഖല | | |
|---|---|---|
| * | സാക്ഷരത, തുടർവിദ്യാഭ്യാസം | 100000 |
| * | സമഗ്ര വിദ്യാഭ്യാസ പദ്ധതി | 200000 |
| * | എസ്.എസ്.എ വിഹിതം | 1200000 |
| * | കേരളോത്സവം | 150000 |
| * | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് | 200000 |
| * | ഗ്രാമപഞ്ചായത്ത് വായനശാല / റീഡിംഗ് റൂം | 100000 |
| * | ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ | 1000000 |
| * | ഹെൽത്ത് സെന്റർ നവീകരണം | 425000 |
| * | പെയിൻ ആൻറ് പാലിയേറ്റീവ് പദ്ധതി | 1000000 |
| * | വൃക്ക രോഗികൾക്ക് ഡയാലിസിസ് കിറ്റ് | 400000 |
| * | ഡയാലിസിസ് രോഗികൾക്ക് ധന സഹായം | 500000 |
| * | മരുന്നുകൾ ആയുർവേദം | 700000 |
| * | മരുന്നുകൾ ഹോമിയോ | 200000 |
| * | പകർച്ചവ്യാധി നിയന്ത്രണം | 170000 |
| * | പൊതുമാലിന്യസംസ്കരണം – ക്ലീൻ കൊപ്പം | 500000 |
| * | തെരുവോരങ്ങളുടെ സൌന്ദര്യവത്കരണം | 200000 |
| * | സി.സി.ടി.വി കാമറകൾ സ്ഥാപിക്കൽ | 200000 |
| * | ബോട്ടിൽ ഡിസ്പെൻസർ സ്ഥാപിക്കൽ | 300000 |
| * | എം സി എഫ് നിർമ്മാണം | 2500000 |
| * | മിനി എം സി എഫ് നിർമ്മണം | 1000000 |
| * | സോക്കേജ് പിറ്റ് നിർമ്മണം | 500000 |
| * | ബയോബിൻ | 500000 |
| * | ഡ്രൈനേജ് സംരക്ഷണം | 1500000 |
| * | ലൈഫ് ഭവനനിർമ്മാണം | 14000000 |

| | | |
|---|---|---|
| * | വീട് വാസയോഗ്യമാക്കൽ | 4000000 |
| * | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 500000 |
| * | അതിദാരിദ്ര്യ നിർമ്മാർജ്ജനം | 500000 |
| * | വയോജന സൌഹൃദ പരിപാടികൾ | 400000 |
| * | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി | 3000000 |
| * | ഭിന്നശേഷി സൌഹൃദ പദ്ധതികൾ | 1000000 |
| * | ബഡ്സ് സ്കൂൾ | 2000000 |
| * | ഭിന്നശേഷി കലാമേള | 58000 |
| * | എസ് സി  വിദ്യാർഥികൾക്ക് പഠന ഉപകരണങ്ങൾ | 290000 |
| * | എസ് സി  വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1200000 |
| * | കുടിവെള്ള പദ്ധതികൾ/ കുടിവെള്ള വിതരണം | 2200000 |
| * | സ്മാർട്ട് അങ്കണവാടി | 500000 |
| * | സർവ്വേകളും പഠനങ്ങളും | 400000 |
| * | പദ്ധതി രൂപീകരണവും, മോണിറ്ററിംഗ് | 200000 |
| * | സദ്ഭരണം | 250000 |
| * | അംഗീകൃത വായനശാലകൾക്ക് ഉപകരണങ്ങൾ | 100000 |
| * | ബസ് കാത്തിരിപ്പ് കേന്ദ്രം | 500000 |
| * | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1160000 |
| * | ഡിജി കേരളം പദ്ധതി | 100000 |
| * | വന്യജീവി നിയന്ത്രണം | 140000 |
| * | കെ സ്മാർട്ട്  സോഫ്റ്റ് വെയർ വിന്യാസം | 600000 |
| ***ആകെ സേവന മേഖല*** | | ***172643000*** |

| പശ്ചാത്തലമേഖല | | |
|---|---|---|
| * | തെരുവ് വിളക്ക് റിപ്പയർ | 500000 |
| * | പുതിയ തെരുവു വിളക്ക് | 1000000 |
| * | മിനിമാസ്റ്റ് ലൈറ്റ് റിപ്പയർ | 500000 |
| * | റോഡുകൾ | 30000000 |
| * | വാഹനങ്ങൾ | 1200000 |
| * | പട്ടികജാതി കോളനി  സമഗ്ര വികസനം | 1000000 |
| * | ഹെൽത്ത് സെൻററുകൾ | 2775000 |
| * | ഹാപ്പിനെസ്സ് പാർക്ക് | 500000 |
| * | ഷോപ്പിങ് കോംപ്ലെക്സ് | 6000000 |
| *ആകെ പശ്ചാത്തല മേഖല* | | *43475000* |

| റോഡിതര മെയിന്റനൻസ് | | |
|---|---|---|
| * | വെൽഫെയർ സ്കൂളിന് ചുറ്റുമതിൽ | 500000 |
| * | ഘടക സ്ഥാപനങ്ങളുടെ നവീകരണം | 1000000 |
| * | അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ/കെട്ടിടങ്ങൾ | 1500000 |
| *ആകെ റോഡിതര മെയിന്റനൻസ്* | | *3000000* |

| മേഖല വിഭജനത്തിൽ ഉൾപ്പെടാത്തവ | | |
|---|---|---|
| * | ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ | 300000 |
| * | ആശ്രയ | 500000 |
| * | ഐ.കെ.എം വിഹിതം | 100000 |
| *ആകെ* | | *900000* |
| | തൊഴിലുറപ്പ് പദ്ധതി | 40000000 |
| | സംസ്ഥാനാവിഷ്കൃത പരിപാടികൾ | 90000000 |
| | വായ്പാ തിരിച്ചടവ് | 3000000 |
| *ആകെ* | | *133000000* |

| | |
|---|---|
| **ആകെ ചെലവ്** | 386063000 |